01-01-2023

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-01/01/2023.

1. കേരള കാർഷിക സർവകലാശാലയുടെ നേതൃത്വത്തിൽ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം കഴിഞ്ഞ ആറ് വർഷങ്ങളിലായി ആഘോഷിച്ചുവരുന്ന വയനാടിന്റെ അന്താരാഷ്ട്ര പുഷ്പമേള **പൂപ്പൊലി 2023** എന്ന പേരിൽ നടത്തുന്നു. 2023 ജനുവരി 1 മുതൽ 15 വരെ നടത്തുന്ന പൂപ്പൊലി 2023 - ന്റെ ഉദ്ഘാടനം ഇന്ന് (2023 ജനുവരി 1) വൈകിട്ട് 3.3.0-ന് വനം, വന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിക്കും. റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി കെ.രാജൻ മുഖ്യാതിഥി ആയിരിക്കും. ആയിരത്തിൽപ്പരം ഇനങ്ങളോടു കൂടിയ റോസ് ഗാർഡൻ, ഡാലിയ ഗാർഡൻ, വിശാലമായ ഗ്ലാഡിയോലസ് തോട്ടം, തായ്‌ലാൻഡിൽ നിന്നും ഇറക്കുമതി ചെയ്ത ഓർക്കിഡുകൾ, നെതർലാൻഡിൽ നിന്നുള്ള ലിലിയം ഇനങ്ങൾ തുടങ്ങിയവയുടെ വർണ്ണ വിസ്മയമാണ് ഈ പുഷ്പോത്സവത്തിൽ ഒരുക്കിയിരിക്കുന്നത്.

2. ഇസ്രായേൽ കൃഷി മാതൃകകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി കൃഷി വകുപ്പ് സംസ്ഥാനത്തെ കർഷകർക്കായി ഒരുക്കിയിട്ടുള്ള പഠനയാത്രയ്ക്ക് അപേക്ഷിക്കുവാനുള്ള തീയതി ജനുവരി 12 വരെ നീട്ടിയതായി കൃഷി ഡയറക്ടർ അറിയിച്ചു. വാട്ടർ മാനേജ്മെന്റ്, റീസൈക്ലിങ് ടെക്നിക്കുകൾ, മൈക്രോ ഇറിഗേഷൻ സിസ്റ്റം, കാലാവസ്ഥ അനുരൂപ കൃഷി മാതൃകകൾ,ഹൈടെക് കൃഷി രീതികൾ, പോളി ഹൗസ് എന്നീ മേഖലകളിലെ ഇസ്രായേൽ സാങ്കേതികവിദ്യകൾ നേരിട്ടു കണ്ടു മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും ഉള്ള സുവർണ്ണ അവസരമാണ് കൃഷിവകുപ്പ് സംസ്ഥാനത്തെ കർഷകർക്കായി സജ്ജീകരിച്ചിരിക്കുന്നത്. താൽപര്യമുള്ള കർഷകർ ജനുവരി 12-ന് മുൻപായി കൃഷിവകുപ്പിന്റെ എയിംസ് പോർട്ടൽ (www.aimsnew.kerala.gov.in) മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. പരമാവധി 20 കർഷകർക്കായിരിക്കും അവസരം ലഭിക്കുക. 10 വർഷത്തിനു മുകളിൽ കൃഷി പരിചയവും ഒരു ഏക്കറിന് മുകളിൽ കൃഷിയുമുള്ള 50 വയസ്സിന് താഴെയുള്ള ഇന്നവേറ്റീവ് കർഷകരെ ആയിരിക്കും പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് എയിംസ് വെബ് പോർട്ടൽ സന്ദർശിക്കുകയോ അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുകയോ ചെയ്യുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ഐ എഫ് എസ് ആർ എസ് കരമനയിൽ ഗിഫ്റ്റ് തിലാപ്പിയ ഇനം മത്സ്യം ഒരു കിലോക്ക് 150 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്, ആവശ്യമുള്ളവർ നേരിട്ട് വന്ന് വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9446466239** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ ബി.ടെക് ഡയറി ടെക്നോളജി, ഫുഡ് ടെക്നോളജി കോഴ്സുകളിലെ 2022-23 പ്രവേശന വർഷത്തെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട് അഡ്മിഷൻ നടത്തുന്നു. പ്രവേശനത്തിന് താൽപര്യമുള്ള വിദ്യാർത്ഥികൾ **ജനുവരി 4-ന്** (04.01.2023) രാവിലെ 11.00 മണിക്ക് വയനാട് ജില്ലയിലെ പൂക്കോട് സ്ഥിതി ചെയ്യുന്ന സർവ്വകലാശാല ആസ്ഥാനത്തെ ഡയറക്ടർ ഓഫ് അക്കാഡമിക്സ് ആൻഡ് റിസർച്ചിന്റെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

5. കേരള കാർഷിക സർവ്വകലാശാല ഇ -പഠന കേന്ദ്രം "ലാൻഡ്സ്കേപ്പിംഗ് " എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2023 ജനുവരി 9** ന് തുടങ്ങുന്നു. ഈ കോഴ്സിൽ ചേരുന്നതിന് 2023 ജനുവരി 8 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒൻപത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കിൽ സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് **ജനുവരി 9** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യൂസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

6. സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പുനലൂർ അഗ്രോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ രണ്ടു വർഷത്തെ കെ.ജി.സി.ഇ കോഴ്സായ **'ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഓഫ് അഗ്രികൾച്ചറൽ മെഷിനറീസ്** കോഴ്സിൽ പ്രവേശനം ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **8086087344,**

**9847882327** എന്നീ നമ്പരുകളിൽ ബന്ധപ്പെടുകയോ, www.polvadmission.org/kgee എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

**കാർഷിക നിർദ്ദേശങ്ങൾ**

7. വാഴയിൽ തടതുരപ്പൻ പുഴുവിന്റെ ആക്രമണം മൂലം വാഴത്തടയിലുള്ള ദ്വാരങ്ങളിലൂടെ നിറമില്ലാത്ത ജെല്ലി പോലുള്ള ദ്രാവകം ഊറി വരുന്നതായി കാണാം. ഇവയുടെ ആക്രമണം മൂലം വാഴക്കൈകൾ ഒടിഞ്ഞു തൂങ്ങുകയും വാഴക്കുലകൾ പാകമാകാതെ ഒടിഞ്ഞുവീഴാനും കാരണമാകുന്നു. ഇവയെ നിയന്ത്രിക്കുന്നതിനായി മൂന്ന് മുതൽ അഞ്ച് മാസം പ്രായമാകുമ്പോൾ ഇലപ്പോളകൾക്കിടയിൽ വേപ്പിൻ പിണ്ണാക്ക് 50 ഗ്രാം ഒരു വാഴയ്ക്ക് എന്ന തോതിൽ ഇട്ടു കൊടുക്കുക. ഉണങ്ങി തുടങ്ങുന്ന ഇലകൾ മുറിച്ചു മാറ്റുക. വാഴത്തടയിൽ ബ്യൂവേറിയ ബസിയാന പുരട്ടി കെണി വയ്ക്കുക അല്ലെങ്കിൽ ബ്യൂവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിച്ചു കൊടുക്കുക. കീടബാധ രൂക്ഷമാണെങ്കിൽ ക്വിനാൽഫോസ് രണ്ടു ലിറ്റർ വെള്ളത്തിൽ ചേർത്ത് ഇലക്കവിളുകളിൽ വീഴത്തക്കവിധം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം